**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3351** — **08-10-2025 - ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസായി ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച തുക എത്രയെന്നും അനുവദിച്ചത് എന്നാണെന്നും അറിയിക്കാമോ; | (എ) | അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് 31.03.2017ലെ വിനോദസഞ്ചാര വകുപ്പുഡയറക്ടറുടെ ഉത്തരവ് പ്രകാരം 3,36,86,892/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി ഭവനനിർമ്മാണ ബോർഡിന് അനുവദിച്ചു നൽകിയിരുന്നു. |
| (ബി) | മൊബിലൈസേഷൻ അഡ്വാൻസായി തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | പദ്ധതിയുടെ ഭരണാനുമതി റദ്ദാക്കുകയും, അനുവദിച്ച തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശിച്ചും സർക്കാരിൽ നിന്നും ഉത്തരവായിരുന്നു. നിരവധി തവണ ആവശ്യപ്പെട്ടിട്ടും തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക ഭവനനിർമ്മാണ ബോർഡിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | പദ്ധതിയുടെ ഭരണാനുമതി റദ്ദാക്കുകയും, അനുവദിച്ച തുക പലിശ സഹിതം തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശിച്ചും സർക്കാരിൽ നിന്നും ഉത്തരവായിരുന്നു. നിരവധി തവണ ആവശ്യപ്പെട്ടിട്ടും തുക തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഭവനനിർമ്മാണ ബോർഡിൽ നിന്ന് തുക തിരികെ ഈടാക്കി മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഭവനനിർമ്മാണ ബോർഡിൽ നിന്നും തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പുതിയ പദ്ധതി നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ